# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:24.08.2026**

### പ്രധാനവാർത്തകൾ

1. തിരുവോണത്തെ വരവേൽക്കാൻ ഒരുങ്ങി മലയാളികൾ. നാളെ ഉത്രാടപ്പാച്ചിൽ.
2. സംസ്ഥാനതല ഓണം ടൂറിസം വാരാഘോഷത്തിന് ഇന്ന് തുടക്കമാകും. മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും.
3. ജനിതക മാറ്റം വരുത്താത്ത, രാജ്യത്തെ ആദ്യ സങ്കര ഇനം ചോളം വിത്ത്-ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഇന്ന് ആന്ധ്രാപ്രദേശിൽ പുറത്തിറക്കും.
4. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത.
5. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തീരദേശ ജില്ലകളിൽ ജാഗ്രത നിർദേശം. കേരളം-കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
6. FIH ഹോക്കി ലോകകപ്പ് മൽസരത്തിൽ ഇന്ത്യൻ പുരുഷ ടീം ഇന്ന് അർജൻറീനയെ നേരിടും..

RNUTVPM

## ഉപരാഷ്ട്രപതി

ജനിതക മാറ്റം വരുത്താത്ത, രാജ്യത്തെ ആദ്യ സങ്കര ഇനം ചോളം വിത്ത് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഇന്ന് ആന്ധ്രാപ്രദേശിലെ മുസുനൂർ ഗ്രാമത്തിൽ പുറത്തിറക്കും. ചടങ്ങിൽ കർഷകരെ ആദരിക്കുന്ന ഉപരാഷ്ട്രപതി, കാർഷിക മേഖലയിലെ പ്രവർത്തിക്കുന്നവരെ അഭിസംബോധന ചെയ്യും.

## ഉത്രാടപ്പാച്ചിൽ

തിരുവോണ സമൃദ്ധിയൊരുക്കാൻ കേരളം നാളെ ഉത്രാടപ്പാച്ചിലിലേക്ക്. മലയാളിയുടെ ദേശീയോത്സവത്തിനായി അവസാനവട്ട ഒരുക്കത്തിന്റെ തിരക്കിലാണ് നാടും നഗരവും. കാലവർഷം ആഘോഷത്തിന്റെ പകിട്ട് കുറയ്ക്കുമോ എന്ന ആശങ്കൾക്കിടയിലും അല്ലലില്ലാതെ മാവേലിയെ വരവേൽക്കാൻ കുടുംബങ്ങൾ തയ്യാറെടുക്കുകയാണ്.

വീടുകളിൽ ഒരുക്കങ്ങൾ അവസാന ഘട്ടത്തിലെത്തിക്കഴിഞ്ഞു. വസ്ത്രശാലകളിലും പച്ചക്കറി മാർക്കറ്റുകളിലും വൻ ജനത്തിരക്കാണ് അനുഭവപ്പെടുന്നത്. ഓണക്കോടി വാങ്ങാനും സദ്യവട്ടങ്ങൾ

RNU TVPM

ഒരുക്കാനുമുള്ള ഓട്ടത്തിന് ഉത്രാട നാളിൽ വേഗത ഇരട്ടിയാകും.

പൂവിളിയും ഓണപ്പാട്ടുമായി നാടും നഗരവും ആഘോഷ ലഹരിയിലാണ്. നഗരങ്ങൾ ദീപാലങ്കാര പ്രഭയിൽ തിളങ്ങുന്നു. ഓഫീസുകളിലും സ്ഥാപനങ്ങളിലും പൂക്കള മത്സരവും സദ്യയുമടക്കം ഓണാഘോഷം നേരത്തേതന്നെ തുടങ്ങിക്കഴിഞ്ഞു. മിക്കയിടത്തും ക്ലബുകളുടെയും റസിഡൻസ് അസോസിയേഷനുകളുടെയും നേതൃത്വത്തിൽ വിപുലമായ പരിപാടികൾക്ക് നാളെ തുടക്കമാകും.

❋❋❋❋❋❋❋❋❋❋❋❋❋

**ഓണം വാരാഘോഷം(ഇൻട്രോ)**

RIJUTVPM

സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ഈ വർഷത്തെ സംസ്ഥാനതല ഓണം ടൂറിസം വാരാഘോഷത്തിന് ഇന്ന് തുടക്കമാകും.മുഖ്യമന്ത്രി വി ഡി സതീശൻ വാരാഘോഷം ഉദ്ഘാടനം ചെയ്യും.ചലച്ചിത്ര നടൻ കുഞ്ചാക്കോ ബോബൻ വിശിഷ്ടാതിഥിയാകും.

*(ഒരു റിപ്പോർട്ട്)*

*(വോയിസ്)*

❋❋❋❋❋❋❋❋❋❋❋❋❋

## ഓണം വാരാഘോഷം(വോയിസ്)

കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യവും വൈദഗ്ധ്യവും വിനോദസഞ്ചാര സാധ്യതകളും ജനങ്ങളിലേക്ക് എത്തിക്കുന്ന തരത്തിലാണ് ഇത്തവണത്തെ ഓണാഘോഷം ഒരുക്കിയിരിക്കുന്നത്. ഓണം വാരാഘോഷത്തിന്റെ ഉദ്ഘാടന ചടങ്ങിൽ നടി ശോഭനയുടെ പ്രത്യേക നൃത്തപരിപാടി അരങ്ങേറും.വിവിധ വേദികളിലായി 340-ലേറെ പരിപാടികളാകും അരങ്ങേറുക. സംസ്ഥാനതല ഓണാഘോഷത്തിന്റെ ഭാഗമായി മാത്രം 3,000ത്തോളം കലാകാരന്മാരും അണിയറപ്രവർത്തകരും പങ്കെടുക്കും. ഇത്തവണ കോവളത്തെയും ഓണാഘോഷത്തിന്റെ പുതിയ വേദിയായി ഉൾപ്പെടുത്തിയിട്ടുണ്ട്.വിവിധ ജില്ലകളിലും നൂറുകണക്കിന് വേദികളാണ് സജ്ജമാകുന്നത്. വാരാഘോഷത്തിന്റെ സമാപന ദിവസമായ 30 ന് വിശിഷ്ടാതിഥിയായി ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണനും മുഖ്യാതിഥിയായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും പങ്കെടുക്കും.ഓണാഘോഷ പരിപാടികൾ പൂർണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചായിരിക്കും സംഘടിപ്പിക്കുക. ഓണാഘോഷത്തിനെത്തുന്ന ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും തിരക്ക് നിയന്ത്രിക്കുന്നതിനും വിപുലമായ ക്രമീകരണങ്ങളാണ് പോലീസ് ഒരുക്കുന്നത്.

***ന്യൂസ് ഡെസ്ക് ആകാശവാണി..........***

RNU TVPM

## ഗതാഗതനിയന്ത്രണം

ഓണാഘോഷത്തിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ ഇന്നു മുതൽ ഈ മാസം 30 വരെ ഉച്ചയ്ക്ക് 2 മുതൽ രാത്രി 12 വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും. പ്രധാന റോഡുകളിലും ഇടറോഡുകളിലും അനധികൃത പാർക്കിങ് അനുവദിക്കില്ല. പാർക്കിങ് കേന്ദ്രങ്ങളിൽ വാഹനം നിർത്തുന്നവർ മടങ്ങിപ്പോകുന്ന സമയത്ത് ബന്ധപ്പെടാനുള്ള ഫോൺ നമ്പർ വാഹനത്തിൽ പ്രദർശിപ്പിക്കണമെന്നും പൊലീസ് നിർദേശിച്ചു. ഫുട്പാത്തിൽ പാർക്കിങ് പാടില്ല. മൻമോഹൻ ബംഗ്ലാവ്, വെള്ളയമ്പലം, കനകക്കുന്ന്, മ്യൂസിയം, കോർപറേഷൻ, തുടങ്ങിയ റോഡുകളുടെ ഇരുവശവും പാർക്കിങ് അനുവദിക്കില്ല.

## കോഴിക്കോട് ഓണം

സംസ്ഥാന വിനോദസഞ്ചാര വകുപ്പ്, , കോഴിക്കോട് ജില്ലാ ഭരണകൂടം എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഓണാഘോഷ പരിപാടികളുടെ ഉദ്ഘാടനം ഇന്ന് മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി നിർവഹിക്കും. കോഴിക്കോട് ബീച്ച് , ടൗൺ ഹാൾ , മാനാഞ്ചിറ, തുടങ്ങിയ കേന്ദ്രങ്ങളാണ് പ്രധാന വേദികൾ.

RNU TVPM

## പൊന്നാനി- ഓണം

മലപ്പുറം പൊന്നാനി താലൂക്ക് ഓണം ടൂറിസം വാരാഘോഷങ്ങളുടെ ഭാഗമായി ബിയ്യം കായലിൽ നടക്കുന്ന ജലോത്സവം ഈ മാസം 27ന് മന്ത്രി എ.പി.അനിൽകുമാർ ഉദ്ഘാടനം ചെയ്യും. ഈ മാസം 21 ന് പൊന്നാനി തൃശൂർ വടക്കുംനാഥൻ സംഘത്തിന്റെ പുലികളിയോടെ തുടങ്ങിയ വാരാഘോഷം ബിയ്യം കായൽ ജലോത്സവത്തോടെയാണ് സമാപിക്കുക.

## സൗജന്യ ഭക്ഷ്യ കിറ്റ്

ഓണത്തിന് എഎവൈ കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള സൗജന്യ ഭക്ഷ്യ കിറ്റ്, റേഷൻ കടകളിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അറിയിച്ചു.

കിറ്റുകൾ ആഗസ്റ്റ് 31 വരെ വിതരണം ചെയ്യും.

## റേഷൻ കടകൾ

PNU TVPM

ഓണത്തോടനുബന്ധിച്ച് നാളെ റേഷൻ കടകൾ തുറന്ന് പ്രവർത്തിക്കും. ഈ മാസം 27, സെപ്തംബർ 2 തീയതികളിൽ റേഷൻ കടകൾക്ക് അവധിയായിരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**ഉതൃട്ടാതി ജലോത്സവം**

ചരിത്രപ്രസിദ്ധമായ ആറന്മുള ഉതൃട്ടാതി ജലോത്സവം ഈ മാസം 30ന് പമ്പാ നദിയിൽ നടക്കും. ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ ഉദ്ഘാടനം നിർവഹിക്കും. ജല ഘോഷയാത്രയ്ക്കുശേഷം വള്ളംകളി മത്സരം നടക്കും. മന്ത്രിമാരായ രമേശ് ചെന്നിത്തല, മോൻസ് ജോസഫ് തുടങ്ങിയവർ പങ്കെടുക്കും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**പാലക്കാട്(ഇൻട്രോ)**

കേന്ദ്ര കൃഷി മന്ത്രാലയം തുടക്കമിട്ട കാർഷിക വിപണി വില വിവര ശൃംഖല പദ്ധതിയായ അഗ്മാർക്ക് സംസ്ഥാനത്ത് വിപുലീകരിക്കും. വിവിധ ജില്ലകളിലെ കാർഷികോത്പന്നങ്ങളുടെ വില കർഷകർക്ക് തത്സമയം ലഭ്യമാക്കുന്നതാണ് അഗ്മാർക്ക് പദ്ധതി.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.......***

***(വോയിസ്)***

**മഴ**

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

**കള്ളക്കടൽ**

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം , കൊല്ലം, ആലപ്പുഴ,എറണാകുളം, തൃശൂർ ജില്ലകളിലെ തീര പ്രദേശങ്ങളിൽ ഇന്ന് രാത്രി വരെയും കന്യാകുമാരി തീരത്ത് ഉച്ച വരെയും കടലാക്രമണത്തിന് സാധ്യതയെന്ന് ദേശീയ സമുദ്ര വിവര വിശകലന കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണം. കേരളം- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

**ഇടുക്കി (ഇൻട്രോ)**

ഇടുക്കി ജില്ലയിൽ ശക്തമായ മഴയെത്തുടർന്ന് കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. മഴയ്ക്ക് നേരിയ ശമനമുണ്ടെങ്കിലും മലയോര മേഖലകളിലും

RNU TVPM

ജലാശയങ്ങളുടെ തീരത്തുമുള്ളവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി. ***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ........***

*(വോയിസ്)*

❋❋❋❋❋❋❋❋❋❋❋❋❋

**ക്രിക്കറ്റ്**

കൊളംബോ ക്രിക്കറ്റ് ടെസ്റ്റിൽ ശ്രീലങ്കക്കെതിരെ ഇന്ത്യ മികച്ച സ്കോറിലേക്ക്. രണ്ടാംദിനം ഉച്ചഭക്ഷണത്തിനു പിരിയുമ്പോൾ, ഇന്ത്യ ആദ്യ ഇന്നിങ്സിൽ ആറു വിക്കറ്റിന് 419 റൺസ് എന്ന നിലയിലാണ്. രണ്ടാംദിവസമായ ഇന്ന് സാരാംശ് ജയിനിന്റെ വിക്കറ്റ് ഇന്ത്യക്ക് നഷ്ടമായി. അർധ ശതകം പിന്നിട്ട ധ്രുവ് ജൂറലും, ഋഷഭ് പന്തുമാണ് ക്രീസിലുള്ളത്.

തകർപ്പൻ സെഞ്ച്വറി നേടിയ ദേവ്ദത്ത് പടിക്കലാണ് ഇന്ത്യൻ ഇന്നിങ്സിന് അടിത്തറയിട്ടത്. അസിത ഫെർണാണ്ടോ ശ്രീലങ്കയ്ക്കായി 4 വിക്കറ്റുകൾ വീഴ്ത്തി. ആദ്യ ടെസ്റ്റ് 165 റൺസിന് വിജയിച്ച ഇന്ത്യക്ക് ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിലേക്കു മുന്നേറാൻ ഈ കളിയിൽ ജയം അനിവാര്യമാണ്.

❋❋❋❋❋❋❋❋❋❋❋❋❋

RNU TVPM

## ഹോക്കി

FIH ഹോക്കി ലോകകപ്പ് മൽസരത്തിൽ ഇന്ത്യൻ പുരുഷ ടീം ഇന്ന് അർജൻറീനയെ നേരിടും . ഇന്ന് വൈകിട്ട് നെതർലാൻഡ്സിലാണ് മൽസരം .

❁❁❁❁❁❁❁❁❁❁❁❁❁

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം.സെൻസെക്സ് 190 പോയിന്റ് താഴ്ന്ന് 77,354 ലും,നിഫ്റ്റി 58 പോയിന്റ് നഷ്ടത്തിൽ 24,194 ലും വ്യാപാരം തുടരുന്നു. സ്വർണ വില കൂടി.പവന് 640 രൂപ ഉയർന്നു ഒരു ലക്ഷത്തി 20,240 രൂപയും,ഗ്രാമിന് 15,030 രൂപയുമാണ് ഇന്നത്തെ വില.ഈ മാസത്തെ ഏറ്റവും ഉയർന്ന നിരക്കാണിത്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## ഇംപ്രൂവ്മെന്റ് പരീക്ഷ

പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷ ഒക്ടോബർ 12 മുതൽ 17 വരെ നടത്തുമെന്ന് ഹയർ സെക്കണ്ടറി പരീക്ഷാ വിഭാഗം ജോയിന്റ് ഡയറക്ടർ അറിയിച്ചു. ഇംപ്രൂവ്മെന്റ് പരീക്ഷ ഒക്ടോബറിൽ നടത്താൻ ഗവണ്മെന്റ് ഉത്തരവിറക്കിയതിന്റെ അടിസ്ഥാനത്തിലാണ്
പരീക്ഷ തീയതി പ്രഖ്യാപിച്ചത്.നേരത്തെ പ്ലസ് ടു

പരീക്ഷയോടൊപ്പം മാർച്ച് മാസത്തിലാണ് പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷ നടത്തിയിരുന്നത് .

## കണ്ണൂർ അപകടം

കണ്ണൂർ മണ്ടൂരിൽ തകരാറിലായതിനെത്തുടർന്ന് റോഡരികിൽ നിർത്തിയിട്ട ലോറിയിൽ ടാങ്കർ ലോറി ഇടിച്ച് രണ്ടുപേർ മരിച്ചു. ഇന്ന് പുലർച്ചെ മൂന്നരയ്ക്കാണ് അപകടം. ലോറിയുടെ അറ്റകുറ്റപണി നടത്തുകയായിരുന്നവരാണ് മരിച്ചത്. അപകടത്തെ തുടർന്ന് തീ പിടിച്ച ടാങ്കർ ലോറിയിൽ നിന്ന് അതീവഗുരുതരമായി പൊള്ളലേറ്റ രണ്ടു പേരെയും ഫയർഫോഴ്സും നാട്ടുകാരും ചേർന്ന് ആശുപത്രിയിലെത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

RNU TVPM

RNIU TVPM